(ബി) കൊട്ടങ്ങല്ലൂരിലെ എടവിലങ്ങ (കാര) യിൽ വിജയകരമായി ഒരു കുഴൽ കിണർ കുഴിച്ചിട്ടും വെള്ളം വിതരണം നടത്തുന്നതിലേക്കുള്ള നടപടികളും സ്വീകരിക്കാതെ പ്രസ്തുത ജോലി ഉപയോഗശൂന്യമായി കിടക്കുന്ന വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പണി ആരംഭിച്ച് മുഴമിപ്പിക്കുന്നതിനു നടപടികളും സ്വീകരിക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ)	കൊല്ലം	60,658
	ആലപ്പുഴ	4,47,390
	കോട്ടയം	24
	എറണാകുളം	75,270
	തൃശ്ശൂർ	62,610
	ആകെ	6,45,952

(സി) എടവിലങ്ങയിൽ നിലവിലുള്ള കുഴൽകിണറിൽനിന്നും ലഭിക്കുന്ന ജലം ഓവർ ഹെഡ് ടാങ്കിൽ സംഭരിച്ച് വിതരണം നടത്തുന്നതിലേക്കായി 24,250 രൂപ ചെലവുള്ള ഒരു പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുതപണി ഉടനെ ആരംഭിക്കുന്നതാണ്.

റോഡ്സ് ആൻഡ് കമ്മ്യൂണിക്കേഷൻസ് ഇനത്തിൽ ചെലവാക്കിയതുക

* 360. [19] ശ്രീ. പി. എസ്. കാത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം റോഡ്സ് ആൻഡ് കമ്മ്യൂണിക്കേഷൻസ് ഇനത്തിൽ നാളിതുവരെ ആകെ എത്ര തുക ചെലവാക്കിയിട്ടുണ്ട് ;

(ബി) ഏറ്റവും കൂടുതൽ തുക ചെലവാക്കിയത് ഏത് താലൂക്കിലാണ് ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) നാഷണൽ ഹൈവേ, വെസ്റ്റ് കോസ്റ്റ് റോഡ് ഇവ ഉൾപ്പെടെ റോഡ്സ് ആൻഡ് കമ്മ്യൂണിക്കേഷൻസിനുവേണ്ടി പത്തുകോടി മുപ്പത്തിയേഴ് ലക്ഷം രൂപ 1960-61, 61–62, 62–63, 63–64 ജനുവരിവരെ ഒറിജിനൽ വർക്സിനു ചെലവാക്കിയിട്ടുണ്ട്. കൂടാതെ ഈ കാലത്ത് ഏഴു കോടിയോളം രൂപ മെയിൻറനൻസിനും ചെലവാക്കിയിട്ടുണ്ട്.

(ബി) താലൂക്കു തിരിച്ചുള്ള ചെലവിന്റെ കണക്കു് സൂക്ഷിച്ചിട്ടില്ല. അതുകൊണ്ട് ഏതു താലൂക്കിലാണ് ഏറ്റവും കൂടുതൽ തുക ചെലവഴിച്ചിട്ടുള്ളതെന്നു പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly